ജയ്ഷ മുസാഫിർ
ശാന്തപുരം



# അധ്വാനത്തിന്റെ മഹത്വം

عَنِ الْمِقْدَامِ رَضِيَ اللهُ عَنْهُ عَن رَسُولِ اللهِ ﷺ قَالَ: مَا أَكَلَ أَحَدٌ طَعَامًا قطُّ خَيْرًا مِن أَنْ يَأْكُلَ مِنْ عَمَلِ يَدِهِ وَ إِنَّ نَبِيَّ اللهِ دَاوُدَ عَلَيْهِ السَّلَامَ كَانَ يَأْكُلُ مِنْ عَمَلِ يَدِهِ (البخاري)

മിഖ്ദാമി(റ)ൽ നിന്ന് നിവേദനം: നബി (സ) പറഞ്ഞു: "സ്വന്തം കൈകൾ കൊണ്ട് അധ്വാനിച്ച് ആഹരിക്കുന്നതിനേക്കാൾ ഉത്തമമായ ഭക്ഷണം ആരും കഴിച്ചിട്ടില്ല. അല്ലാഹുവിന്റെ ദൂതൻ ദാവൂദ് (അ) സ്വന്തം കൈകൊണ്ട് അധ്വാനിച്ചാണ് ആഹരിച്ചിരുന്നത്." (ബുഖാരി)

അധ്വാനത്തിന്റെ മഹത്വവും പ്രാധാന്യവും ഊന്നിപ്പറയുകയാണീ നബിവചനം. അധ്വാനിക്കാനും സമ്പാദിക്കാനും ഏറെ പ്രോത്സാഹനം നൽകുന്നുണ്ട് ഇസ്‌ലാം. സ്വകരങ്ങൾ കൊണ്ട് പണിയെടുത്ത് തന്റെ കുടുംബത്തെയും കുട്ടികളെയും സംരക്ഷിക്കുകയും അവർക്ക് നല്ല ശിക്ഷണം നൽകുകയും ചെയ്യുന്നവന് ജിഹാദ് ചെയ്തവന്റെ പുണ്യമുണ്ടെന്ന് നബി (സ) പഠിപ്പിക്കുന്നു: "അനുവദനീയമായ ആഹാരം തേടൽ അനുഷ്ഠാനങ്ങൾക്ക് ശേഷമുള്ള നിർബന്ധ കർമമത്രേ." (ത്വബ്റാനി)

ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഇഹലോക ജീവിതം കടത്തുതോണിയിലെ യാത്ര പോലെയാണെന്ന് പറയാം. അക്കരെയുള്ള മരുപ്പച്ച തേടിയാണയാളുടെ പ്രയാണം. അഥവാ അന്തിമവും ശാശ്വതവുമായ പരലോക ജീവിതം. ലക്ഷ്യത്തിലേക്ക് അത്രയെളുപ്പം എത്തിച്ചേരാനാവില്ല. ഒരുപാട് കടമ്പകൾ മറി കടക്കേണ്ടതായി വരും. ഹലാലിന്റെയും ഹറാമിന്റെയും അതിരുകളും പരിധികളും ലംഘിക്കുന്നുണ്ടോയെന്ന് വളരെ ജാഗ്രതയോടെ ശ്രദ്ധിക്കേണ്ടി വരും. എങ്കിൽ മാത്രമേ ലക്ഷ്യത്തിലെത്താനും സ്വർഗം നേടിയെടുക്കാനും സാധ്യമാവുകയുള്ളൂ. ധനസമ്പാദന രംഗത്താണ് ഈ ജീവിത വിശുദ്ധിയും സൂക്ഷ്മതയും ഏറ്റവും കൂടുതൽ പ്രകടമാവേണ്ടത്.

നബി (സ) പറയുന്നു: "അന്ത്യദിനത്തിൽ ഏറ്റവുമധികം ഖേദിക്കുന്നവൻ അനുവദനീയമല്ലാത്ത മാർഗത്തിലൂടെ ധനം സമ്പാദിച്ച് നരകത്തിൽ പ്രവേശിക്കുന്നവനായിരിക്കും" (ബുഖാരി). സമ്പാദന മാർഗങ്ങൾ പവിത്രമാവുമ്പോഴാണ് സമ്പാദ്യം അനുവദനീയവും പുണ്യവുമായിത്തീരുക. നിഷിദ്ധ മാർഗങ്ങളിലൂടെ ഉണ്ടാക്കുന്ന സമ്പാദ്യം പരലോകത്ത് ശിക്ഷക്ക് കാരണമായിത്തീരുമെന്ന് വിശുദ്ധ ഖുർആനും നബി ചര്യയും നിരന്തരം നമ്മെ താക്കീത് ചെയ്യുന്നുണ്ട്. അധ്വാനത്തെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം യാചനയെ ഇസ്‌ലാം നിരുത്സാഹപ്പെടുത്തുന്നുമുണ്ട്. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: നബി (സ) പറഞ്ഞു: "നിങ്ങളിലൊരാൾ തന്റെ മുതുകിൽ വിറക് കെട്ട് ചുമന്നുകൊണ്ട് വരുന്നതാണ്, മറ്റാരോടെങ്കിലും യാചിക്കുന്നതിനേക്കാൾ നല്ലത്; യാചിച്ചത് അവന് കിട്ടിയാലും ഇല്ലെങ്കിലും."

പ്രത്യക്ഷത്തിൽ നിസ്സാരമെന്നും തന്റെ നിലക്കും പദവിക്കും യോജിച്ചതല്ലെന്നും തോന്നുന്ന ഏതൊരു ജോലിക്കും തൊഴിൽ എന്ന അർഥത്തിൽ മഹത്വമുണ്ട്. പൊതുവെ ആളുകൾ ഏർപ്പെടാൻ മടിക്കുന്ന ഏത് തൊഴിലിനെക്കാളും ഹീനവും മ്ലേഛവുമാണ് യാചന.

ഖലീഫ ഉമർ (റ) പറയുകയുണ്ടായി: "ദൈവ മാർഗത്തിൽ സമരം ചെയ്യുമ്പോഴല്ലെങ്കിൽ പിന്നെ മലഞ്ചെരിവുകളിൽ ഉപജീവനം തേടിക്കൊണ്ടിരിക്കെ മരണം വരിക്കാനാണ് ഞാൻ ഇഷ്ടപ്പെടുന്നത്."

ദാവൂദ് നബി (അ) സ്വന്തം അധ്വാനത്തിലൂടെയാണ് ആഹരിച്ചിരുന്നത് എന്ന് മേലുദ്ധരിച്ച തിരുവചനം സാക്ഷ്യപ്പെടുത്തുന്നു. പ്രവാചകന്മാരിലധികവും ആടുകളെ മേച്ചും കൈത്തൊഴിലുകളിൽ ഏർപ്പെട്ടുമൊക്കെയാണ് ഉപജീവനം കണ്ടെത്തിയിരുന്നത്. പ്രവാചകന്മാരെക്കാൾ ഉയർന്നവരായി ആരും തന്നെയില്ല എന്നതിനാൽ അല്ലാഹു നോക്കുന്നത് ഒരാൾ ചെയ്യുന്ന തൊഴിലിലേക്കോ അതയാൾക്ക് നൽകുന്ന പദവിയിലേക്കോ അല്ല എന്ന് വ്യക്തം. ചെയ്യുന്ന തൊഴിലിൽ ആത്മാർഥതയുണ്ടോ, സദുദ്ദേശ്യമുണ്ടോ, ഹറാം-ഹലാൽ പരിധികൾ പാലിക്കുന്നുണ്ടോ എന്നാണവൻ പരിശോധിക്കുന്നത്. അധ്വാനത്തിന്റെ മഹത്വം വിവരിക്കുന്ന മറ്റൊരു നബി വചനം ഇങ്ങനെ: "ചില പാപങ്ങളുണ്ട്. നമസ്കാരവും ദാനവും ഹജ്ജുമൊന്നും അവയ്ക്ക് പരിഹാരമാവുകയില്ല. എന്നാൽ, ജീവിതായോധനത്തിനുള്ള അധ്വാനം അവയെ മായ്ച്ചുകളയുന്നതാണ്." (ത്വബ്റാനി)

പണിയെടുത്തു തഴമ്പിച്ച ഒരു തൊഴിലാളിയുടെ വിയർപ്പ് പുരണ്ട കൈ പിടിച്ചുയർത്തി പ്രവാചകൻ (സ) ചുംബിക്കുകയുണ്ടായി. തൊഴിലാളിയായ അനുയായിയും പ്രവാചകനും പുണ്യം പങ്കിടുകയായിരുന്നു അപ്പോൾ. മേൽപറഞ്ഞ നബിവചനങ്ങളിൽ നിന്ന് അധ്വാനത്തിന് ഇസ്‌ലാം നൽകുന്ന പ്രാധാന്യവും പ്രോത്സാഹനവും മനസ്സിലാക്കാം. നബി (സ) പറയുന്നു: "അനുവദനീയമായ ആഹാരവും തേടി ക്ഷീണിതനായി തന്റെ അടിമയെ കാണുന്നത് അല്ലാഹുവിന് ഇഷ്ടകരമത്രേ" (ദയ്‌ലമി). ●